**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1439** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഗാർഹിക തൊഴിലാളികളുടെ അവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾക്കും അവരുടെ സേവന വേതന വ്യവസ്ഥകൾക്കും വേണ്ടി നടപടികൾ ആയിട്ടുണ്ടോ; | (എ) | ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾക്കെതിരെയുള്ള ദുർവിനിയോഗം, ഉപദ്രവം, ആക്രമണം, സാമ്പത്തിക ചൂഷണം എന്നിവയിൽ നിന്നും ഗാർഹിക തൊഴിലാളികളെ സംരക്ഷിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനും വേണ്ടി കേരള ഗാർഹിക തൊഴിലാളി(തൊഴിൽ ക്രമപ്പെടുത്തലും സേവന വ്യവസ്ഥകളും) അവകാശ സംരക്ഷണ ബിൽ 2024 എന്ന പേരിൽ നിയമനിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | തൊഴിൽ ഇടങ്ങളിലെ ചൂഷണവും സാമ്പത്തിക ചൂഷണവും തടയാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഗാർഹിക തൊഴിലാളികൾക്കായി പ്രത്യേക നിയമനിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് തൊഴിൽ ഇടങ്ങളിൽ നേരിടുന്ന ചൂഷണവും സാമ്പത്തിക ചൂഷണവും തടയാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ